**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2522

06.12.2018-ലെ മറുപടിയ്ക്ക്

**ബധിര മൂക ഫുട്ബോൾ താരമായ അൻവറിന് ജോലി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി. അൻവർ** | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| 15/12/2016 ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം ചർച്ച ചെയ്യുകയും ബധിര മൂക ഫുട്ബോൾ കായിക താരമായ ശ്രീ അൻവറിന്റെ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തസ്തികകളിൽ ഒഴിവ് വരുന്ന മുറയ്ക്ക് പരിഗണിക്കുവാൻ തീരുമാനിക്കുകയും, ആ വിവരം അപേക്ഷകയായ അൻവറിന്റെ ഭാര്യയായ ശ്രീമതി ഷാഹിന T. കുന്നത്ത് പറമ്പിൽ, ചന്തക്കുന്ന്, നിലമ്പൂർ, മലപ്പുറം ജില്ല എന്നവരെ രേഖാമൂലം അറിയിക്കുകയും ചെയ്ത സാഹചര്യത്തിൽ (കത്ത് നമ്പർ കെ.എസ്.എസ്.സി/ബി8/2046/16) ജോലി നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സ്ഥിര നിയമന നടത്തുവാൻ അപേക്ഷ ക്ഷണിക്കുമ്പോൾ ടിയാനും യോഗ്യതയ്ക്ക് . അനുസൃതമായി അപേക്ഷിക്കാവുന്നതാണ്. പ്രതിവർഷം 50 കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ട നിയമന പ്രകാരം അപേക്ഷ ക്ഷണിക്കുമ്പോൾ ടിയാനും അപേക്ഷ നൽകാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**